ശ്രീ. പാമ്പം തളിയത്തു്: ഇത്രദിവസത്തിനകത്തു് ഈ കേസു തെളിയിക്കും എന്നു പറഞ്ഞതായിട്ടു ഗവണ്മെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ പറഞ്ഞിട്ടില്ല.

ശ്രീ. പാമ്പം തളിയത്തു്: പത്രങ്ങളിൽ റിപ്പോർട്ടുണ്ടായിരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ പത്രംതന്നെ എന്റെ കയ്യിലുണ്ടു്. അതിൽ പറഞ്ഞിരിക്കുന്നതു കഴിയുന്നത്ര വേഗത്തിൽ എന്നാണു്.

ശ്രീ. പാമ്പം തളിയത്തു്: സംഭവം നടന്നിട്ടു് എത്രമാസമായി എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സംഭവം നടന്നതു മിഥുനത്തിലാണെന്നു തോന്നുന്നു.

ശ്രീ. പാമ്പം തളിയത്തു്: കേസു തെളിയിക്കുവാൻ ഇനിയും എത്രനാൾ വേണ്ടിവരുമെന്നാണു് ഗവണ്മെണ്ടുദ്ദേശിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. പാമ്പം തളിയത്തു്: അതിനു് ഇനിയും കാലമാമസം വരുമോ എന്നാണു് ചോദിക്കുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നത്ര വേഗത്തിൽ തെളിവുണ്ടാകും. അതിനുവേണ്ട നടപടികൾ എടുക്കുന്നുണ്ടു്.

ശ്രീ. എസ്സു്. കുട്ടൻ: സ്പെഷ്യൽ സി. ഐ. ഡി. ഉദ്യോഗസ്ഥനെ നിയമിച്ചിരിക്കുന്നതുകൊണ്ടു് ഐ. ജി. ക്കു് ഇതിലുള്ള ചുമതല ഇല്ലാതാകുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് അഭിപ്രായവ്യത്യാസമുള്ള ഒരു കാര്യമാണു്.

STATE GUESTS

*29. [31] **Sri. Paul Thaliath:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether any officers of the Central Government have been received in the State as State Guests after the 26th January;

(*b*) if the answer to (*a*) is in the affirmative the number so received and the amount spent for the same up to 30—7—1950; and

(*c*) whether any of the State Officers gone to Delhi on official business has been treated as a State Guest there?

Chief Minister **[Sri. T. K. Narayana Pillai]:**

(*a*) Yes.

(*b*) 7 guests and Rs. 2,152 spent for them.

(*c*) No.

ശ്രീ. പാമ്പം തളിയത്തു്: നമ്മുടെ രാജ്യത്തുള്ള ഉദ്യോഗസ്ഥന്മാർ ഡൽഹിയിൽ പോകുമ്പോൾ അവരെ അവിടെ സ്റ്റേറ്റ് ഗസ്റ്റായി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചിലപ്പോൾ സ്വീകരിക്കാറുണ്ടു്.

Sri. P. Balakrishnan Tampi: Are they allowed to be State Guests in other Provinces and States?

Sri. T. K. Narayana Pillai: Certain officers are allowed to be so.

INDO-MERCANTILE BANK LTD.

*30. [32] **Sri. Paul Thaliath:** Will the Hon'ble Minister for Finance be pleased to state.—

(*a*) whether the Government are aware that the Indo-Mercantile Bank Ltd., was working at a loss for the last three years;

LIBRARY ARCHIVES Kerala Legislative Assembly